# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2476 | 17/8/2017 -ലെ മറുപടി

# വർക്കല മണ്ഡലത്തിലെ ശുദ്ധജല വിതരണത്തിനായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ജോയി | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വർക്കല മണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി ഏതെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) വർക്കല മണ്ഡലത്തിൽ നിലവിലുള്ള ജല വിതരണ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. വർക്കലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി<br>2. ആലുവിളപ്പുരത്തേക്കുള്ള രാജീവ് ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി<br>3. ഇലകമൺ-കായൽപുറത്തേക്കുള്ള ഗ്രാമീണശുദ്ധജലവിതരണ പദ്ധതി<br>4. തോട്ടുമുഖത്തേയ്ക്കുള്ള രാജീവ് ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി<br>5. ഇടവയിലേക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി (പുതിയതും പഴയതും)<br>6. ശ്രീനിവാസപുരത്തുള്ള ആനക്കുഴിയിലേക്കുള്ള ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി<br>7. കരത്തലയിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി<br>8. പാലച്ചിറയിലെക്കുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി<br>9. വെണ്ണിക്കോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി<br>10. കാട്ടുവിളയിലേക്കുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി<br>11. വലയന്റെക്കുഴി ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി |

12. പള്ളിക്കൽ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി

13. കക്കോട് രാജീവ് ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി

14. മടവൂർ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതി

(ബി) പുതുതായി ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) എങ്കിൽ പുതിയ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള രൂപരേഖ പ്രകാരം എത്ര തുക ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ?

(ബി) & (സി) വർക്കല മണ്ഡലത്തിൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികളും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

1. വർക്കല മുനിസിപ്പാലിറ്റിയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണം-ഉദ്ദേശം 130 കോടി രൂപ

2. പള്ളിക്കൽ-മടവൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഉദ്ദേശം 60 കോടി രൂപ

സെക്ഷൻ ഓഫീസർ

JSK/